കവിത

# "മരുഭൂമിയിലെ മാലാഖ"

ചുരങ്ങളേഴും കടന്ന്, അറബിക്കടലും കടന്ന്
എണ്ണയും പണവുമൊഴുകുന്ന നാട്ടിലെത്തിയത്
അപരനിൽ ഒരു ആത്മനേകാണുവാൻ, കരുതുവാൻ
പക്ഷേ, ആത്മാക്കളുടെ സന്തോഷമാണല്ലോ, മഴ
അഷ്റഫിനിതോ, ച്ഛേദമില്ലാ ഉപകാരങ്ങളുടെ വിൺമഴ
നന്മകളുടെയും, സന്തോഷങ്ങളുടെയും
പെരുമഴക്കാലം, അതേ, പെരുമഴക്കാലം
ആടു ജീവിതത്തിൽനിന്നും, വിശുദ്ധിയുടെ ജീവിതവഴികളിലൂടെ
കാര്യാലയങ്ങളുടെ ഫയൽകുമ്പാരങ്ങൾ തീർക്കുന്ന ഇടവഴികളിലൂടെ
സങ്കടപ്പെരുമഴകളിലൂടെ, പേരും
പെരുമകളൊന്നും, തന്നെതേടാതെ, നേടാതെ
ആത്മാക്കളുടെ, ആത്മാക്കളുടെ മാത്രം സന്തോഷംതേടി
മോക്ഷപ്രാപ്തിമാത്രം നോക്കി അലയുന്നൊരഷ്റഫ്
പ്രതീക്ഷകളുടെ വെൺചിറകുകളിലേറി
സ്വപ്നങ്ങൾകൊണ്ട് മാത്രം കൂടാരം തീർക്കുന്നു
പ്രവാസികളെല്ലാകാലങ്ങളിലും, പക്ഷേ
ഒരു നിമിഷത്തിന്റെയിടവേളകളിൽ അസ്തമിക്കുന്നു
പ്രതീക്ഷകളെല്ലാമേ, പക്ഷേ, ഇവിടെവീണ്ടും,
വീണ്ടും ജീവന്റെ പ്രതീക്ഷകളുടെ, പൊൻനാമ്പുകളിടുന്നു,
അഷ്റഫ് എന്നൊരു ഒറ്റയാൻ പട്ടാളം
അയാൾ തീർക്കുന്ന നന്മകളുടെ കൂടാരങ്ങളിൽ
വിക്രമാദിത്യകഥകളിലെ, വേതാളത്തെപ്പോലെ
നന്മകളുടെ തീരങ്ങളിൽ, ദേഹത്തേല്പിച്ച
ആത്മാക്കൾ സന്തോഷത്തോടെ
ഇഹലോക വാസംവെടിയുന്നു,
മഹിയിൽ, അവരുടെ നന്മകളൊക്കെയുമൂറ്റിയെടുത്ത്
ഉറ്റവരും, ഉടയവരുമോ, അവരുടെ-
ദേഹമെങ്കിലുമവസാനമായിട്ടൊന്നുകാണുവാൻ

എത്രയോ നാളുകളായിട്ട്, മണലാരണ്യത്തിലേക്ക് കണ്ണുനട്ടുമിരിപ്പൂ ?!
മരണത്തിന്റെ മാലാഖാ, പോയ് മറയുമ്പോൾ
ഇവിടെയിതാ, അഷറഫ് എന്ന സ്നേഹത്തിന്റെ മാലാഖാ,
പ്രതിഫലമൊന്നുംതന്നെ കാംക്ഷിക്കാതെ, തന്റെ
നിശബ്ദ സേവനംതുടരുന്നു, നമുക്കന്യമാം ദേശങ്ങളിലൂടെ ?!
ഒരു അറേബ്യൻ വസന്തമെന്നുള്ളതുപോലെ
നിലവിളിക്കാൻ, പോലുമാകാത്തവരുടെ നിലവിളികൾ
ഈ മണൽ പുഴകളുടെ സ്നേഹതീരങ്ങളിലിരുന്ന്
ദേവ ദൂതനാം അഷ്റഫ് കേട്ടിടുന്നു !!
പതിന്നാല് സംവത്സരങ്ങൾ തീർത്ത, നന്മകളുടെ വഴിത്താരകളിലൂടെ
ആയിരങ്ങളെ, അവരുടെ പ്രതീക്ഷകളേ, ഈ
ഏകാംഗ സൈനികൻ നാട്ടിലെത്തിച്ചീടുന്നു
അതുമൊരു നയാപൈസപോലും പ്രതിഫലം ഇച്ഛിക്കാതെ
സ്നേഹത്തിൻ ഉറവകൾ, വീണ്ടും സജലങ്ങളാവുന്നു
ഈ വിശുദ്ധ മാനസന്റെ, നന്മകളുടെ ഊഷരതകളിലൂടെ
ഇതൊക്കെ, കാണുമ്പോൾ, കേൾക്കുമ്പോൾ, ഞാനും
അറിയാതെ, പറഞ്ഞുപോകുന്നു, പാടിപോകുന്നു,
അഷ്റഫിൽ, ഞാനൊരുദൈവത്തേകണ്ടു,
അതേ, കരുണാമയനായ,ഒരു ജീവിക്കുന്നദൈവത്തേ?!

(കഴിഞ്ഞ ഒരു ദശകമായിട്ട്, ഗൾഫ് നാടുകളിൽ മരിക്കുന്നവരേ, ഒരു നയാപൈസ പോലും കൈപ്പറ്റാതെ, തന്റെ ജീവത വ്രതമായിട്ട്, കാണുകയും കരുതുകയും ചെയ്യുന്ന അവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്ന അഷ്റഫ് താമരശ്ശേരിയെന്ന ജീവിക്കുന്ന വിശുദ്ധന്, മറ്റൊരു കരുണയുടെ പ്രവാചകന്, ഒരു ആയിരം പ്രണാമം.)